യൂണിറ്റ് 1

# ഋതുഭേദങ്ങളും സമയവും 8marks

----------------------------------------

**1.** ഋതുഭേദങ്ങൾക്ക് കാരണം എന്ത് ?

ഭൂമിയുടെ പരിക്രമണം, അച്ചുതണ്ടിന്റെ ചരിവ് ,അച്ചുതണ്ടിന്റെ സമാന്തരത , സൂര്യന്റെ അയനം .

**2.**

| ദിനങ്ങൾ | പേര് | സൂര്യന്റെ സ്ഥാനം | സവിശേഷതകൾ |
|---|---|---|---|
| മാർച്ച് 21 | സമരാത്രദിനം/ വിഷുവങ്ങൾ | ഭൂമധ്യരേഖയിൽ | തുല്യമായ രാത്രിയും പകലും |
| ജൂൺ 21 | ഗ്രീഷ്മ അയനാന്തദിനം | ഉത്തരായനരേഖ യിൽ | ഉത്തരാർദ്ധഗോളത്തിൽ പകൽ കൂടുതൽ |
| സെപ്റ്റംബർ 23 | സമരാത്രദിനം/ വിഷുവങ്ങൾ | ഭൂമധ്യരേഖയിൽ | തുല്യമായ രാത്രിയും പകലും |
| ഡിസംബർ 22 | ശൈത്യ അയനാന്തദിനം | ദക്ഷിണായനരേഖ യിൽ | ദക്ഷിണാർദ്ധഗോളത്തിൽ പകൽ കൂടുതൽ |

**3.** ഉത്തരാർധ ഗോളത്തിലെ ഋതുക്കൾ ക്രമത്തിൽ :

വസന്തം- ഗ്രീഷ്മം- ഹേമന്തം- ശൈത്യം

വസന്തം-തളിർക്കുന്നു ,പൂക്കുന്നു ( മാർച്ച്,ഏപ്രിൽ )

ഹേമന്തം-ഇല കൊഴിയുന്നു (ഒക്ടോബർ , നവംബർ )

**4.** ഗ്രീനിച്ച് രേഖ , അന്താരാഷ്ട്രദിനാങ്കരേഖ -താരതമ്യം

| ഗ്രീനിച്ച് രേഖ | അന്താരാഷ്ട്രദിനാങ്കരേഖ |
|---|---|
| പൂജ്യം ഡിഗ്രി രേഖാംശരേഖ | 180 ഡിഗ്രി രേഖാംശരേഖ |
| സമയംകണക്കാക്കാൻ | ദിവസം കണക്കാക്കാൻ |
| നേർരേഖയാണ് | നേർരേഖയല്ല |
| വൻകരകളിലൂടെ | സമുദ്രത്തിലൂടെ |

<<<<<<<<<<<>>>>>>>>>>

# യൂണിറ്റ് 2      8marks

# കാറ്റിന്റെ ഉറവിടം തേടി

**1.അന്തരീക്ഷമർദം എന്നാൽ എന്ത്?**

*വായു ഭൗമോപരിതലത്തിൽ ചെലുത്തുന്ന ഭാരം.

*ഏകകം_ഹെക്ടോപാസ്കൽ ,മില്ലിബാർ

*ഉപകരണം_ രസബാരോമീറ്റർ

**2.അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?**

*ഉയരം, താപം ,ആർദ്രത

**3.ആഗോളമർദ്ദമേഖലകൾ എന്നാൽ എന്ത് ?ഏതെല്ലാം ?**

* ഒരേ അന്തരീക്ഷമർദം അനുഭവപ്പെടുന്ന അക്ഷാംശമേഖലകളാണ് ആഗോളമർദ്ദമേഖലകൾ

| | |
|---|---|
| മധ്യരേഖാന്യൂനമർദ്ദമേഖല | 0 ഡിഗ്രി |
| ഉപോഷ്ണഉച്ചമർദ്ദമേഖല | 30 ഡിഗ്രി വടക്കും 30 ഡിഗ്രി തെക്കും |
| ഉപധ്രുവീയന്യൂന മർദ്ദമേഖല | 60 ഡിഗ്രി വടക്കും 60 ഡിഗ്രി തെക്കും |
| ധ്രുവീയഉച്ചമർദ്ദമേഖല | 90 ഡിഗ്രി വടക്കും 90 ഡിഗ്രി തെക്കും |

**4. കാറ്റ് എന്നാൽ എന്ത് ?**

*മർദ്ദം കൂടിയ പ്രദേശത്തുനിന്നും മർദ്ദം കുറഞ്ഞപ്രദേശത്തേക്കുള്ള വായുവിന്റെ തിരശ്ചീനചലനമാണ് കാറ്റുകൾ .

**5.കാറ്റിന്റെ വേഗതയേയും ദിശയെയുംസ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?**

*മർദ്ദചെരിവുമാനബലം ,കൊറിയോലിസ്പ്രഭാവം, ഘർഷണം

**6.ഫെറൽ നിയമം ?**

*കാറ്റ് ഉത്തരാർദ്ധഗോളത്തിൽ വലത്തോട്ട്,
ദക്ഷിണാർദ്ധഗോളത്തിൽ ഇടത്തോട്ട്

**7.ആഗോളവാതങ്ങൾ എന്നാൽ എന്ത് ? ഏതെല്ലാം?**

***ആഗോളമർദ്ദമേഖലകൾക്കിടയിൽ വീശുന്നകാറ്റുകളാണ്ആഗോളവാതങ്ങൾ.**

***വാണിജ്യവാതങ്ങൾ ,പശ്ചിമവാതങ്ങൾ ,ധ്രുവീയപൂർവവാതങ്ങൾ**

**8.കാലികവാതങ്ങൾ ഏതെല്ലാം?**

***മൺസൂൺ കാറ്റുകൾ - തെക്കു പടിഞ്ഞാറൻ ,വടക്കുകിഴക്കൻ**

*** കരക്കാറ്റ് ,കടൽക്കാറ്റ് ,**

***പർവതക്കാറ്റ്, താഴ്‌വരക്കാറ്റ്**

**9.മൺസൂണിന്റെ കാരണങ്ങൾ എന്തെല്ലാം ?**

***സൂര്യന്റെ അയനം ,കൊറിയോലിസ്പ്രഭാവം,തപനത്തിലെ വ്യത്യാസം**

**10.**

| കരക്കാറ്റ് | കടൽക്കാറ്റ് |
|---|---|
| രാത്രി | പകൽ |
| **കര → കടൽ** | **കടൽ → കര** |

**11.**

| താഴ്‌വരക്കാറ്റ് | പർവതക്കാറ്റ് |
|---|---|
| പകൽ | രാത്രി |
| പർവത ചെരിവിലൂടെ മുകളിലേക്ക് | പർവതത്തിൽനിന്നും താഴേക്ക് |

**12.പ്രധാന പ്രാദേശിക വാതങ്ങൾ ഏതെല്ലാം?**

***ലൂ -ഇന്ത്യ**

***ചിനൂക്ക് -റോക്കിയുടെ കിഴക്ക് (മഞ്ഞുതിന്നുന്നവൻ )**

***ഫൊൻ -ആൽപ്സിന്റെ വടക്ക്**

***ഹർമാറ്റൻ -ആഫ്രിക്ക**

**13.ഇന്ത്യയിലെ പ്രാദേശികവാതങ്ങൾ ഏതെല്ലാം?**

***ലൂ ,മാൻഗോഷവർ, കാൽബൈശാഖി**

<<<<<<<<<<<<<<<<>>>>>>>>>>>>>>>>

# യൂണിറ്റ് 3      4 marks

## മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

**1.** മാനവവിഭവശേഷി വികസനം എന്നാൽ എന്ത് ?

*വിദ്യാഭ്യാസം, ആരോഗ്യപരിപാലനം ,പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്ന് പറയുന്നു

**2.** മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ?

*സ്വ പരിശ്രമം ,കുടുംബം, സ്ഥാപനങ്ങൾ ,ഏജൻസികൾ രാഷ്ട്രം

**3.** മാനവവിഭവത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

*ഗണപരം- ജനസംഖ്യാവലുപ്പം, ജനസാന്ദ്രത ,ജനസംഖ്യാവളർച്ച, ജനസംഖ്യാഘടന

* ഗുണപരം -വിദ്യാഭ്യാസം ,ആരോഗ്യപരിപാലനം

**4.** ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ എന്തെല്ലാം?

*ജനനനിരക്ക്, മരണനിരക്ക് ,കുടിയേറ്റം

**5.** ജനസംഖ്യാപഠനത്തിന്റെ ആവശ്യകത എന്ത്?

*മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ

*അടിസ്ഥാന സൗകര്യങ്ങൾ കണക്കാക്കാൻ

*സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ

*വികസന നയങ്ങൾ രൂപീകരിക്കാൻ

**6.** വിദ്യാഭ്യാസം രാജ്യത്തെ വികസനത്തെ സഹായിക്കുന്നതെങ്ങനെ ?

*വിദ്യാഭ്യാസം → സാങ്കേതിക അറിവ് → തൊഴിൽ → വരുമാനം → ജീവിതനിലവാരം

**7.** വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ?

*കൊഴിഞ്ഞുപോക്ക്  *അടിസ്ഥാന സൗകര്യം കുറവ് *ഗുണനിലവാരം കുറവ്

*ഹാജർ കുറവ്

**8.** ആരോഗ്യ പരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ ?

*പോഷകാഹാരം    *ശുദ്ധജലം    *ശുചിത്വം    *ചികിത്സ    *വിശ്രമം

*വിനോദം    *രോഗപ്രതിരോധസംവിധാനം

RAJESH.K,GHS VELLINEZHI,SURESH.K GHS THENKARA,SUJITHA.K.G,GHS CHERPULASSERY

## യൂണിറ്റ് 5 8marks

# പൊതുചെലവും പൊതുവരുമാനവും

**1. പൊതു ചെലവിനെ തരം തിരിക്കുന്നതെങ്ങനെ?**

***വികസന ചെലവുകൾ ,വികസനേതര ചെലവുകൾ**

**2.**

| വികസന ചെലവുകൾ | വികസനേതര ചെലവുകൾ |
|---|---|
| വികസന പ്രവർത്തനങ്ങൾക്ക് | പെൻഷൻ യുദ്ധം പലിശ |
| റോഡ് പാലം തുറമുഖം സ്കൂൾ എന്നിവയുടെ നിർമാണം | |

**3.പൊതുചെലവ് വർധിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?**

***ജനസംഖ്യാവർദ്ധനവ് *പ്രതിരോധച്ചെലവ് *ആരോഗ്യ പരിപാലനം* വിദ്യാഭ്യാസ പ്രവർത്തനങ്ങൾ *ക്ഷേമപ്രവർത്തനങ്ങൾ *വ്യവസായവൽകരണം *നഗരവൽകരണം *സബ്സിഡികൾ *വികസനപ്രവർത്തനങ്ങൾ**

**4.പൊതുവരുമാനം എന്നാൽ എന്ത് ?ഏതെല്ലാം?**

*** നികുതി വരുമാനം ,നികുതിയേതര വരുമാനം**

**5.നികുതി എന്നാൽ എന്ത് ?എത്ര വിധം?**

***ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ് നികുതി .**

***രണ്ടുവിധം -പ്രത്യക്ഷനികുതി, പരോക്ഷനികുതി .**

**6.**

| പ്രത്യക്ഷനികുതി | പരോക്ഷനികുതി |
|---|---|
| ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടക്കുന്നു | ചുമത്തപ്പെടുന്നതൊരാളിലും നൽകുന്നത് മറ്റൊരാളും |
| നികുതിഭാരം അറിയുന്നു | നികുതിഭാരം അറിയുന്നില്ല |
| ചെലവ് കൂടുതലാണ് | ചെലവ് കുറവാണ് |
| ഉദാ-വ്യക്തിഗത ആദായ നികുതി കോർപ്പറേറ്റ് നികുതി | ഉദാ-ജി. എസ്. ടി ,വാറ്റ്കസ്റ്റംസ് നികുതി |

**7.സർചാർജ് ,സെസ്സ് ഇവ തമ്മിലുള്ള വ്യത്യാസമെന്ത് ?**

***നികുതിക്കുമേൽ ചുമത്തുന്ന അധികനികുതിയാണ് സർചാർജ്.**

***ഇത് ഒരു നിശ്ചിതകാലത്തേക്ക് ആണ് ചുമത്തുന്നത് .**

***പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധിക നികുതിയാണ് സെസ്സ്.**

*** ആവശ്യത്തിന് പണം ലഭിച്ചാൽ ഇത് നിർത്തലാക്കുന്നു**

**8.**

| | | |
|---|---|---|
| കേന്ദ്രസർക്കാർ | സംസ്ഥാനസർക്കാർ | തദ്ദേശ്ശ സ്വയം ഭരണ സർക്കാർ |
| കോർപറേറ്റ് നികുതി | **മൂല്യവർധിതനികുതി** | വസ്തു**നികുതി** |
| വ്യക്തിഗത ആദായ നികുതി | സ്റ്റാമ്പ് ഡ്യൂട്ടി | തൊഴിൽ **നികുതി** |
| യൂണിയൻ exise നികുതി | സംസ്ഥാന exise നികുതി | വിനോദ**നികുതി** |
| ജി.എസ് .ടി | ഭൂനികുതി , സേവന നികുതി | |

**9. നികുതിയേതര വരുമാനസ്രോതസ്സുകൾ ഏതെല്ലാം?**

***ഫീസ് *ഫൈനുകളും പെനാൽറ്റികളും *ഗ്രാന്റ് *പലിശ *ലാഭം**

**10.പൊതുകടം എന്നാൽ എന്ത് ?ഏതെല്ലാം?**

*** സർക്കാർ വാങ്ങുന്ന വായ്പകളാണ് പൊതുകടം .**

***ആഭ്യന്തരകടം, വിദേശകടം**

**11.പൊതുകടംവർധിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?**

***ജനസംഖ്യാവർദ്ധനവ് *പ്രതിരോധച്ചെലവ് *ആരോഗ്യ പരിപാലനം**

*** വിദ്യാഭ്യാസ പ്രവർത്തനങ്ങൾ *ക്ഷേമപ്രവർത്തനങ്ങൾ *വ്യവസായവൽകരണം**

***നഗരവൽകരണം *സബ്സിഡികൾ *വികസനപ്രവർത്തനങ്ങൾ**

**12.ബജറ്റ് എന്നാൽ എന്ത് ? എത്രവിധം ?**

***ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ബജറ്റ് .**

***മിച്ചബജറ്റ് -വരുമാനം കൂടുതൽ, ചെലവ് കുറവ്**

***കമ്മിബജറ്റ് -വരുമാനംകുറവ് ,ചെലവ്കൂടുതൽ**

***സന്തുലിതബജറ്റ് -വരുമാനം=ചെലവ്**

**13.ധനനയം എന്താണ്? ലക്ഷ്യങ്ങൾ എന്തെല്ലാം ?**

***പൊതുവരുമാനം ,പൊതുചെലവ് ,പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയം.**

 ***സാമ്പത്തികസ്ഥിരത കൈവരിക്കുക*തൊഴിലവസരങ്ങൾ *ചെലവ് കുറക്കൽ**

***വിലക്കയറ്റം വിലച്ചുരുക്കം നിയന്ത്രിക്കൽ *സാമ്പത്തിക അച്ചടക്കം പാലിക്കൽ**

## യൂണിറ്റ്7 7 marks

## വൈവിധ്യങ്ങളുടെ ഇന്ത്യ

**1.ഇന്ത്യയിലെ ഭൂപ്രകൃതിവിഭാഗങ്ങൾ ഏവ?**

*** ഉത്തരപർവ്വതമേഖല *ഉത്തരമഹാസമതലം *ഉപദ്വീപീയപീഠഭൂമി**

 ***തീരസമതലങ്ങളും ദ്വീപുകളും**

**2.**

| ഉത്തരപർവ്വതമേഖല | | |
|---|---|---|
| **ട്രാൻസ് ഹിമാലയം** | **ഹിമാലയം** | **കിഴക്കൻ മലനിരകൾ** |
| കാരക്കോറം | ഹിമാദ്രി | പത്കായിബും |
| ലഡാക് | ഹിമാചൽ | നാഗാകുന്നുകൾ |
| സസ്കർ | സിവാലിക് | ഗാരോ, ഖാസി, ജയന്തിയ, മിസോ കുന്നുകൾ |

**3.ഹിമാലയത്തിലെ പ്രധാന പർവത നിരകൾ ഏതെല്ലാം ?**

| | | |
|---|---|---|
| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
| ഉയരം കൂടിയത് | ഹിമാദ്രിയുടെ തെക്ക് | ഹിമാചലിനു തെക്ക് |
| ശരാശരി6000 മീറ്റർ ഉയരം | ശരാശരി3000 മീറ്റർ ഉയരം | ശരാശരി1220 മീറ്റർ ഉയരം |
| നദികളുടെ ഉത്ഭവം | സുഖവാസകേന്ദ്രങ്ങൾ | തുടർച്ചയില്ല |
| കാഞ്ചൻ ജംഗ, നന്ദാദേവി | സിംല ,ഡാർജിലിംഗ് | ഡൂണുകൾ |

**4.ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യമെന്ത് ?**

***വിദേശ ആക്രമണം തടയുന്നു *മൺസൂണിനെ തടഞ്ഞു നിർത്തി മഴ പെയ്യിക്കുന്നു**

***ശീതക്കാറ്റിനെ തടയുന്നു വൈവിധ്യമാർന്ന സസ്യ ജന്തു ജാലങ്ങൾ *നദികളുടെ ഉൽഭവം**

***വനവിഭവങ്ങൾ**

**5.ഉത്തരമഹാസമതലത്തിന്റെ സവിശേഷതകൾ**

*** ഹിമാലയൻ നദികളുടെ നിക്ഷേപണത്തിലൂടെ രൂപം കൊണ്ടു**

***ഫലപുഷ്ടിയുള്ള എക്കൽ മണ്ണ്**

***ഇന്ത്യയുടെ ധാന്യപ്പുര *ജനനിബിഡമായ പ്രദേശം**

***കൃഷിക്ക് അനുയോജ്യം-നെല്ല്,ഗോതമ്പ് ,ചോളം ,കരിമ്പ്**

**6.ഉപദ്വീപീയപീഠ ഭൂമിയുടെ സവിശേഷതകൾ**

***ഉറപ്പേറിയ ശിലകളാൽ നിർമ്മിതം**

***ഇന്ത്യയിലെ പഴക്കം ചെന്ന ഭൂവിഭാഗം**

*** ധാതുക്കളുടെ കലവറ**

***ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ**

***കറുത്ത പരുത്തി മണ്ണ് കാണുന്നു .**

***ഉപദ്വീപീയ നദികൾ**

**7.**

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| *ഹിമാലയത്തിൽനിന്ന് ഉത്ഭവിക്കുന്നു<br>*വറ്റാത്ത നദികൾ<br>*വിസ്തൃതമായ വൃഷ്ടിപ്രദേശം<br>*ഉയർന്ന ജലസേചന ശേഷി<br>*ഉൾനാടൻ ജലഗതാഗത ശേഷി കൂടുതൽ<br>*താഴ്വരകൾ ഉണ്ടാക്കുന്നു<br>*അപരദനം കൂടുതൽ | *ഉപദ്വീപീയ പീഠഭൂമിയിൽനിന്നും ഉൽഭവിക്കുന്നു<br>*വേനൽക്കാലത്തു ജലം കുറവ്<br>*വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം<br>*ജലസേചനശേഷി കുറവ്<br>*ഉൾനാടൻ ജലഗതാഗത സാധ്യത കുറവ്<br>*താഴ്വരകൾ സൃഷ്ടിക്കുന്നില്ല<br>*അപരദനം കുറവ് |

**8.**

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| *അറബിക്കടലിനും പശ്ചിമ ഘട്ടത്തിനും ഇടയിൽ<br>*കച്ച് മുതൽ കന്യാകുമാരി വരെ<br>* വീതി കുറവ് * കായലും അഴിമുഖവും* ഗുജറാത്ത് കൊങ്കൺ മലബാർ തീരസമതലങ്ങൾ | ***ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനും ഇടയിൽ**<br>*** സുന്ദരവനം മുതൽ കന്യാകുമാരി വരെ**<br>***വീതി കൂടുതൽ *ഡെൽറ്റ * കോറമണ്ഡൽ വടക്കൻ സിർക്കാസ്** |

**9.ഇന്ത്യയിലെമണ്ണിനങ്ങൾ**

| **മണ്ണിനം** | **കാണപ്പെടുന്ന ഭൂപ്രകൃതി വിഭാഗം** | **സവിശേഷത കൾ** |
|---|---|---|
| പർവത മണ്ണ് | ഉത്തരപർവ്വതമേഖല | * ഇരുണ്ട തവിട്ടുനിറം/കറുത്തനിറം<br>*ഫലപുഷ്ടി കൂടുതൽ |
| എക്കൽമണ്ണ് | ഉത്തരമഹാസമതലം | *ഫലപുഷ്ടികൂടുതൽ<br>*കൃഷിക്ക് അനുയോജ്യം |
| കറുത്ത മണ്ണ് | ഡെക്കാൻ പീഠഭൂമി | *കറുത്തനിറം<br>*പരുത്തികൃഷിക്ക് അനുയോജ്യം |
| ചെമ്മണ്ണ് | ഉപദ്വീപീയ പീഠഭൂമി | *ഫലപുഷ്ടികുറവ്<br>* ചുവന്ന നിറം<br>* ഇരുമ്പ് കൂടുതൽ |
| ലാറ്ററൈറ്റ് മണ്ണ് | ഉപദ്വീപീയ പീഠഭൂമി | *മൺസൂണും വേനൽക്കാലവും ഇടവിട്ടുണ്ടാകുന്ന പ്രദേശങ്ങളിൽ<br>*ഫലപുഷ്ടികുറവ് |

**10.ഇന്ത്യയിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?**

***അക്ഷാംശസ്ഥാനം *ഭൂപ്രകൃതി *സമുദ്രസാമീപ്യം *സമുദ്രനിരപ്പിൽനിന്നുള്ള ഉയരം *പർവതങ്ങൾ *കാറ്റ്**

**11.ഇന്ത്യയിലെ ഋതുക്കൾ ഏതെല്ലാം?**

***ശൈത്യകാലം -ഡിസംബർ ,ജനുവരി, ഫെബ്രുവരി**

***ഉഷ്ണകാലം -മാർച്ച് ,ഏപ്രിൽ, മെയ്**

***തെക്കു പടിഞ്ഞാറൻ മൺസൂൺ -ജൂൺ ,ജൂലൈ ,ആഗസ്റ്റ് ,സെപ്റ്റംബർ**

***വടക്കുകിഴക്കൻ മൺസൂൺ കാലം- ഒക്ടോബർ , നവംബർ**

**12.തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ രണ്ടു ശാഖകൾ ഏതെല്ലാം?**

***അറബിക്കടൽ ശാഖ, ബംഗാൾ ഉൾക്കടൽ ശാഖ**

**13.ഇന്ത്യയിൽ മഴയുടെ വിതരണത്തിനുള്ള അസന്തുലിതാവസ്ഥക്കു കാരണമെന്ത്?**

***അക്ഷാംശസ്ഥാനം *ഭൂപ്രകൃതി *സമുദ്രസാമീപ്യം *സമുദ്രനിരപ്പിൽനിന്നുള്ള ഉയരം *പർവതങ്ങൾ *കാറ്റ്**

<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# യൂണിറ്റ് 8 5marks

# സാമ്പത്തിക ഭൂമിശാസ്ത്രം

**1.ഇന്ത്യയിലെ കാർഷിക കാലങ്ങൾ വിവരിക്കുക**

| **കാർഷിക കാലങ്ങൾ** | വിളയിറക്കൽ കാലം | വിളവെട്ടുപ്പുകാലം | പ്രധാനവിളകൾ |
|---|---|---|---|
| ഖാരിഫ് | മൺസൂണിന്റെ ആരംഭം | മൺസൂണിന്റെഅവസാനം | നെല്ല്, ചോളം, പരുത്തി ,തിന വിളകൾ ,ചണം, കരിമ്പ് ,നിലക്കടല |
| റാബി | ശൈത്യകാല ആരംഭം | വേനലിന്റെ ആരംഭം | ഗോതമ്പ്പുകയില,കടുക് , പയർവർഗങ്ങൾ |
| സൈദ് | വേനലിന്റെ ആരംഭം | മൺസൂണിന്റെ ആരംഭം | പഴവർഗങ്ങൾ, പച്ചക്കറികൾ |

**2. ഇന്ത്യയിലെ ഭക്ഷ്യവിളകൾ**

| വിള | മഴ | താപനില | മണ്ണ് | പ്രത്യേകതകൾ |
|---|---|---|---|---|
| നെല്ല് | **150** ൽ കൂടുതൽ | **24** ഡിഗ്രിക്കു മുകളിൽ | എക്കൽമണ്ണ് | ***ഖാരിഫ് വിള***മുഖ്യ ഭക്ഷ്യ വിള *നദീതടങ്ങൾ, തീരസമതലങ്ങൾ, സിവാലിക് ചെരുവുകൾ- കൃഷി ചെയ്യുന്നു |
| ഗോതമ്പ് | **75cm** | 10-26 ഡിഗ്രി | നീർവാർച്ചയുള്ള എക്കൽ മണ്ണ് | ***റാബിവിള** *ഭക്ഷ്യ വിള കളിൽ രണ്ടാംസ്ഥാനം |
| ചോളം | **75cm** | - | **നീർവാർച്ചയുള്ളഫലപുഷ്ടിയുള്ള മണ്ണ്** | ***ഖാരിഫ് വിള*ഉഷ്ണകാലത്തും ശൈത്യകാലത്തും കൃഷി ചെയ്യാം** |

**3.നാണ്യ വിളകളെ വർഗീകരിക്കുക .**

***നാരുവിളകൾ -പരുത്തി, ചണം**

*** പാനീയവിളകൾ- തേയില, കാപ്പി**

***സുഗന്ധവ്യഞ്ജനങ്ങൾ -കുരുമുളക്, ഏലം**

***മറ്റുവിളകൾ -കരിമ്പ് ,റബ്ബർ**

**4. മുംബൈ (കൊട്ടോണോപോളിസ് )പ്രധാന പരുത്തിത്തുണി വ്യവസായമായി മാറാൻ അനുകൂലമായ സാഹചര്യങ്ങൾ എന്തെല്ലാം?**

*** അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഊർജ്ജലഭ്യത, തുറമുഖം ,കയറ്റുമതി, ശുദ്ധജലലഭ്യത, മനുഷ്യവിഭവ ലഭ്യത, അനുകൂല കാലാവസ്ഥ**

**5.ഇരുമ്പുരുക്ക് വ്യവസായത്തിന്റെ സ്ഥാന നിർണയത്തിന് പരിഗണിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?**

*** അസംസ്കൃത വസ്തുക്കളുടെ ലഭ്യത-ഇരുമ്പയിര് ,കൽക്കരി, മാംഗനീസ്, ചുണ്ണാമ്പുകല്ല് ,ഡോളോമൈറ്റ്**

***ജലലഭ്യത   * ഗതാഗത സൗകര്യം  *ഊർജ്ജലഭ്യത  *കയറ്റുമതി**

*** മനുഷ്യവിഭവ ലഭ്യത**

**6.**

| ഊർജസ്രോതസ്സുകൾ | |
|---|---|
| പാരമ്പര്യ സ്രോതസ്സുകൾ | പാരമ്പര്യേതര സ്രോതസ്സുകൾ |
| *പുനഃസ്ഥാപിക്കപ്പെടാത്തവ<br>*പരിസ്ഥിതിമലിനീകരണം-<br>*പെട്രോളിയം, കൽക്കരി | *പുനഃസ്ഥാപിക്കപ്പെടുന്നവ *ചെലവ് കുറവ് *മലിനീകരണം ഇല്ല<br>*സൗരോർജം ,കാറ്റ് ,തിരമാല ,ജൈവ വാതകം |

**7.സുവർണ ചതുഷ്കോണ ഹൈവേ –-*മുംബൈ, ഡൽഹി, കൊൽക്കത്ത ,ചെന്നൈ**

***ആറുവരിപ്പാത**

**8.**

| ഇന്ത്യയിലെ ഗതാഗതം | | | |
|---|---|---|---|
| റോഡ് | റെയിൽ | ജലം | വ്യോമം |
| NH,SH,ജില്ലാറോഡ് ,ഗ്രാമീണ റോഡ് | ബ്രോഡ്ഗേജ്, മീറ്റർഗേജ്, നാരോ ഗേജ് | ഉൾനാടൻ, സമുദ്ര ജലം | ആഭ്യന്തരം, അന്തർദേശീയം |

**9.**ജലഗതാഗതത്തിന്റെ മേന്മകൾ എന്തെല്ലാം?

*ചെലവ് കുറവ് *വൻതോതിൽ ചരക്ക നീക്കം *പരിസ്ഥിതി മലിനീകരണം കുറവ് *അന്താരാഷ്ട്ര വ്യാപാരത്തിന് ഉചിതം *സുഖകരം

**10.** ഇന്ത്യയിലെ പ്രധാന ഉൾനാടൻ ജലഗതാഗത മേഖലകൾ ഏതെല്ലാം?

*ഗംഗ -ബ്രഹ്മപുത്ര നദികൾ *ഗോദാവരി -കൃഷ്ണ നദികൾ *ബക്കിങ്ഹാംകനാൽ *ഗോവയിലെ മണ്ഡോവി -സുവാരി നദികൾ *കേരളത്തിലെ കായലുകൾ

**11.** ഇന്ത്യയിലെ പ്രധാന ധാതു അധിഷ്ഠിത വ്യവസായങ്ങൾ

* ഇരുമ്പുരുക്ക് വ്യവസായം *ആഭരണ നിർമാണം *വൈദ്യുതോപകരണ വ്യവസായം *ഗാർഹികോപകരണവ്യവസായം *വാഹന നിർമാണം

**12.**ഇന്ത്യയിലെ പ്രധാന കൃഷി അധിഷ്ഠിത വ്യവസായങ്ങൾ

*പരുത്തിത്തുണി വ്യവസായം *പഞ്ചസാരവ്യവസായം* ചണവ്യവസായം

**13.map work**

*ഹിമാലയൻ നിരകൾ *ഹിമാലയൻ നദികൾ *ഉപദ്വീപീയനദികൾ *നദീതീര നഗരങ്ങൾ *തീരസമതലങ്ങൾ *ഉപദ്വീപീയപീഠഭൂമിയിലെ ഭൗതികസവിശേഷതകൾ* തുറമുഖങ്ങൾ *ഇരുമ്പുരുക്ക് വ്യവസായശാലകൾ ആണവോർജ നിലയങ്ങൾ

## യൂണിറ്റ് 9 4 marks

# ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

**1.**റിസർവ് ബാങ്കിന്റെ ധർമങ്ങൾ ?

* നോട്ട് അച്ചടിക്കൽ *വായ്പ നിയന്ത്രിക്കൽ *സർക്കാരിന്റെ ബാങ്ക് *ബാങ്കുകളുടെ ബാങ്ക്

**2.** ബാങ്ക് എന്നാൽ എന്ത് ?

*പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾ നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ബാങ്കുകൾ

**3.**വാണിജ്യബാങ്കുകളുടെ ധർമങ്ങൾ എന്തെല്ലാം ?

*നിക്ഷേപങ്ങൾ സ്വീകരിക്കുക -സമ്പാദ്യം, പ്രചലിതം, സ്ഥിരം, ആവർത്തിതം

*വായ്പകൾ നൽകുക -പണവായ്പ ,ഓവർഡ്രാഫ്റ്റ്

*മറ്റുസേവനങ്ങൾ - ലോക്കർ ,ATM,DD,ക്രെഡിറ്റ് കാർഡ്, മണി ട്രാൻസ്ഫർ

**4.** ഇ- ബാങ്കിങ് -

*ഇന്റർനെറ്റിന്റെ സഹായത്തോടെയുള്ള ബാങ്കിങ്*എല്ലാ സമയത്തും എല്ലായിടത്തും

ബാങ്കിങ് * നെറ്റ് ബാങ്കിങ് *മൊബൈൽ ബാങ്കിങ് *വീട്ടിലിരുന്ന ഇടപാടുകൾ നടത്താം

*കുറഞ്ഞ സമയം *സർവീസ് ചാർജ് കുറവ്

5.കോർ ബാങ്കിങ് ബാങ്ക് -

*ശാഖകളെ ഇന്റർനെറ്റുവഴി ബന്ധിപ്പിക്കുന്ന ബാങ്കിങ്

*ഇടപാട്ടുകൾ ലളിതമായി

*സേവനങ്ങൾ ഒരു ബാങ്കിൽ നിന്നും മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്നു

6. സഹകരണ ബാങ്കുകളുടെ ലക്ഷ്യങ്ങൾ?

* ഗ്രാമീണർക്ക് സാമ്പത്തിക സഹായം നൽകുക

*വായ്പ നൽകുക

*സ്വകാര്യ പണമിടപാടിൽനിന്നു ഗ്രാമീണരെ രക്ഷിക്കുക

*കുറഞ്ഞ പലിശനിരക്കിൽ വായ്പ

* സമ്പാദ്യ ശീലം വളർത്തുക

7.വികസനബാങ്കുകളുടെ സവിശേഷതകൾ എന്തെല്ലാം?

* വിവിധ മേഖലകളുടെ വികസനത്തിന് സഹായിക്കുന്ന ഏജന്റ്

*വീടുനിർമാണം ,ചെറുകിടവ്യവസായം ,അടിസ്ഥാന സൗകര്യ വികസനം എന്നിവക്ക് വായ്പ .ഉദാ-IFCI

8.സവിശേഷ ബാങ്കുകൾ

*ചില പ്രത്യേക മേഖലകളുടെ വികസനത്തിന്

*സംരംഭം തുടങ്ങാൻ സഹായം

*ഉദാ-എക്സിം ബാങ്ക് ,SIDBI,NABARD

9.നബാർഡിന്റെ ലക്ഷ്യങ്ങൾ ?

*കാർഷിക വികസനത്തിന്

*ഗ്രാമവികസനത്തിന്

*കൃഷി, കൈത്തൊഴിൽ ,ചെറുകിട ,വ്യവസായം എന്നിവക്ക് സാമ്പത്തിക സഹായം

10.മുദ്രാബാങ്ക് ?

*ചെറുകിട വായ്പ നൽകുന്നു

*ചെറുകിട സംരംഭകർക്കും മൈക്രോ ഫൈനാൻസിനും സാമ്പത്തിക സഹായം

11. മഹിളാ ബാങ്ക് ?

*വനിതാ ശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം

*എല്ലാവരിൽനിന്നും നിക്ഷേപം, വായ്പ സ്ത്രീകൾക്ക്

**12.പേയ്മെന്റ് ബാങ്കുകളുടെ സവിശേഷതകൾ ?**

***കുറഞ്ഞ വരുമാനക്കാരെയും ചെറുകിട വ്യവസായികളെയും കുടിയേറ്റത്തൊഴിലാളികളെയും സഹായിക്കാൻ**

***ഒരു ലക്ഷം രൂപവരെമാത്രം നിക്ഷേപം**

*** പലിശ നൽകുന്നു, വായ്പ നൽകുന്നില്ല**

***ഇടപാടുകൾക്ക് കമ്മീഷൻ**

***ഡെബിറ്റ് കാർഡ് നൽകുന്നു ,ക്രെഡിറ്റ് കാർഡ് ഇല്ല**

**13.മൈക്രോഫിനാൻസ് ?**

*** ലക്ഷ്യങ്ങൾ -വ്യക്തികളിൽനിന്നു പണം സമാഹരിച്ചു കൂട്ടായ സാമ്പത്തിക വികസനം *പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നു *സമ്പാദ്യശീലം വളർത്തുന്നു *അംഗങ്ങൾക്ക് വായ്പ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു .*ഉദാ-കുടുംബശ്രീ, പുരുഷസ്വയം സഹായ സംഘം**

# യൂണിറ്റ് 10 4 marks

## ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും

**1.ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്ന സന്ദർഭങ്ങൾ ഏതെല്ലാം ?**

***ഗുണമേന്മ ഇല്ലാത്ത സാധനങ്ങൾ വിൽക്കുന്നത്**

***മായം ചേർക്കുന്നത് അമിതവില ഈടാക്കുന്നത്**

***അളവിലും തൂക്കത്തിലും കൃത്രിമം**

***സേവനത്തിൽ കാലതാമസം**

**2.ഉപഭോക്തൃ കോടതികളുടെ സവിശേഷതകൾ ?**

***നടപടി ക്രമങ്ങൾ ലളിതമാണ്**

***അതിവേഗം നീതി ഉറപ്പാക്കുന്നു**

***വ്യവഹാരച്ചെലവ് കുറവ്**

**3.ഉപഭോക്തൃ നിയമങ്ങൾ**

| നിയമം | വർഷം |
|---|---|
| **ഉപഭോക്തൃ**സംരക്ഷണനിയമം | 1986 |
| സാധന വില്പന നിയമം | 1930 |
| കാർഷികോല്പന്ന നിയമം | 1937 |

| | |
|---|---|
| അവശ്യസാധന നിയമം | 1955 |
| അളവുതൂക്കനിലവാരനിയമം | 1976 |

**4. ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന വകുപ്പുകൾ**

| വകുപ്പ് | പ്രവർത്തനം |
|---|---|
| ലീഗൽ മെട്രോളജി | അളവുതൂക്കനിലവാരം ഉറപ്പുവരുത്തുന്നു |
| ഭക്ഷ്യ സുരക്ഷാ വകുപ്പ് | ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു |
| കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മിറ്റി | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു |
| ഡ്രഗ്സ് കൺട്രോൾ വകുപ്പ് | മരുന്നുകളുടെ ഗുണമേന്മ സുരക്ഷിതത്വംഉറപ്പുവരുത്തുന്നു |
| ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ | ഉത്പാദനം വിതരണം സംഭരണം വില്പന ഇറക്കുമതി തുടങ്ങിയ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മഉറപ്പുവരുത്തുന്നു |

**5. ഉപഭോക്താക്കളുടെ സംതൃപ്തി ഉറപ്പു വരുത്താൻ സാധിക്കുന്ന സാമൂഹിക ഇടപെടലുകൾ?**

*** ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനം**

*** ഉപഭോക്തൃ ബോധവത്കരണം**

***പൊതു താല്പര്യ ഹർജികൾ സമർപ്പിക്കൽ**

*** ചൂഷണത്തിനെതിരെ പ്രതികരിക്കൽ**

**6. ഉപഭോക്തൃ ശീലങ്ങൾ**

*** സാധനങ്ങൾ വാങ്ങുമ്പോൾ ബിൽ ചോദിച്ചു വാങ്ങുക**

***അളവും തൂക്കവും ശരിയാണെന്നു ബോധ്യപ്പെടുക**

***സാധനങ്ങളുടെ നിലവാരം സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ ശ്രദ്ധിക്കുക**

***പാക്കുചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ ഉല്പന്നത്തിന്റെ വിശദാംശങ്ങൾ ഉണ്ടെന്നു ഉറപ്പു വരുത്തുക**

***വാങ്ങുന്ന സാധനങ്ങളുടെ ഉപയോഗക്രമം, പ്രവർത്തിപ്പിക്കുന്ന വിധം എന്നിവ മനസിലാക്കുക**

<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>